DESPATCHED
On. 02/06/2020

25/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ **AP 1760(6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.11458/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. ജി ഷാനവാസ്,
ജനറൽ സെക്രട്ടറി,
സ്കൂൾ പാചക തൊഴിലാളി സംഘടന സംസ്ഥാന കമ്മിറ്റി, തൃക്കുമാരകുടം, അയ്യന്തോൾ പി.ഒ.,
തൃശ്ശൂർ.680 003. — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സീനിയർ സൂപ്രണ്ട്,
   എ.ഇ.ഒ ഓഫീസ്, ,
   പി.ഒ. വലപ്പാട്, തൃശ്ശൂർ– 680 003.

2. അപ്പീൽ അധികാരി &
   ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,
   ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ
   കാര്യാലയം, വലപ്പാട്,
   തൃശ്ശൂർ – 680 003..

— എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 22.4.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 4.5.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 20.5.2015 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 1.6.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 3.7.2015 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 6.7.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 24.7.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 10.8.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 25.2.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, തൃശ്ശൂർ. |
| ഹിയറിംഗ് സാന്നിദ്ധ്യം | ഒന്നാം എതിർകക്ഷി ഹാജരായി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ജി. ഷാനവാസ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിലെ 1, 4 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ മാത്രമാണ് നൽകിയത് എന്നും 2, 3, എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ നിഷേധിക്കുകയാണ് ചെയ്തതെന്നും ആയതിനാൽ ഒന്നാം അപ്പീൽ ഹർജി നൽകിയെങ്കിലും ആയത് പരിഗണിക്കുകപോലും ചെയ്യാതെ പ്രധാന അദ്ധ്യാപകനെ ചുമതല ഏൽപ്പിച്ച് അപ്പീൽ അപേക്ഷ നിരസിക്കുകയാണ് ഉണ്ടായതെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് 2012-13 അധ്യയന വർഷത്തിൽ 50 രൂപ പ്രകാരം സ്കൂൾ പാചക തൊഴിലാളികൾക്ക് ദിവസ വേതനം കണക്കാക്കി കുടിശ്ശികയായി നൽകുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന വിവരങ്ങൾ നൽകണമെന്നാണ്.

i. കുടിശ്ശികയ്ക്ക് അർഹതപ്പെട്ട സ്കൂളിന്റെ പേര് എന്താണെന്നും

ii. ആ സ്കൂളിലെ പാചക തൊഴിലാളിയുടെ പേരും വീട്ടു വിലാസവും നൽകണമെന്നും

iii. കുടിശ്ശിക നൽകിയ തീയതി ഏതെന്നും

iv. കുടിശ്ശിക ഇനത്തിൽ തൊഴിലാളിക്കു അനുവദിച്ച സംഖ്യ എത്ര എന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിലെ 1, 4 എന്നീ ഇനങ്ങൾക്കുള്ള മറുപടി നൽകുകയും 2, 3 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ വലപ്പാട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ കീഴിലുള്ള സ്കൂളുകളിലെ പ്രധാന അധ്യാപകരോട് മേൽപ്പടി ഇനങ്ങൾ സംബന്ധിച്ച വിവരം നൽകാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നു അറിയിക്കുകയുമാണ് ചെയ്തത്. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയ്ക്കെതിരെ രണ്ടാം എതിർകക്ഷിയ്ക്ക് നൽകിയ അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷി തൃപ്തികരമായി നൽകിയിട്ടില്ല എന്നാണ്. മേൽപ്പടി അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, എതിർകക്ഷി ഓഫീസിൽ ലഭ്യമായ വിവരങ്ങളാണ് ഹർജിക്കാരന് ഒന്നാം എതിർകക്ഷി നൽകിയത് എന്നും പാചക

തൊഴിലാളികളുടെ പേരും വിലാസവും അവർക്ക് കുടിശ്ശിക നൽകിയ തീയതിയും മേൽപ്പടി ഓഫീസിൽ ശേഖരിച്ച് വച്ചിട്ടില്ലാത്തതിനാലാണ് ബന്ധപ്പെട്ട പ്രധാന അധ്യാപകരോട് മേൽപ്പടി വിവരങ്ങൾ നൽകാൻ നിർദ്ദേശിച്ചത് എന്നും മറ്റുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ 2, 3 എന്നീ ഇനങ്ങൾ സംബന്ധിച്ചാണ് ഹർജിക്കാരന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം എന്നു കാണുന്നു. മേൽപ്പടി ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലാതിരുന്ന സാഹചര്യത്തിലാണ് ഹർജിക്കാരന്റെ അപേക്ഷ ബന്ധപ്പെട്ട സ്കൂളിലെ പ്രധാനാധ്യാപകർക്ക് അയച്ചു കൊടുത്ത് മേൽപ്പടി വിവരങ്ങൾ ഹർജിക്കാരന് കൊടുക്കാൻ നിർദ്ദേശിച്ചത് എന്നു കാണുന്നു. ആയത് വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കാവുന്നതാണെന്നു കാണുന്നതിനാൽ, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 25-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk